## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2228** **01-09-2022 - ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലൈഫ് പദ്ധതി ആരംഭിച്ചത് എന്ന് മുതലാണെന്നും നാളിതുവരെയായി എത്ര ആളുകൾക്ക് വീട് അനുവദിച്ചുവെന്നും എത്ര വീടുകൾ പൂർത്തിയാക്കിയെന്നും ആയതിന് എത്ര തുക ചെലവഴിച്ചുവെന്നും എത്ര എണ്ണമാണ് ഇനിയും പൂർത്തിയാക്കാൻ ബാക്കിയുള്ളതെന്നും ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (എ) | കേരളത്തിന്റെ സമഗ്ര വികസനത്തിനായി ജനപങ്കാളിത്തത്തോടെ കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചു കൊണ്ട് ആസൂത്രണകാര്യ വകുപ്പ് 2016 സെപ്റ്റംബർ 18-ന് പുറപ്പെടുവിച്ച സ.ഉ (പി.) നം 41/2016/ ആ.സാ.വ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സമ്പൂർണ്ണപാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ നിലവിൽ വന്നു. ഈ പദ്ധതി, വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/ കേന്ദ്ര സർക്കാർ ഭവന പദ്ധതികൾ ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് നടപ്പിലാക്കി വരുന്നത്. ഇത്തരത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും ലൈഫ് മിഷന്റെ വിവിധ ഘട്ടങ്ങളിലുമായി ലൈഫ് പദ്ധതിയിൽ 20.08.2022 വരെ 3,01,912 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.ഇതു സംബന്ധമായ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>ഇതിനായി 20.08.2022 വരെ 12,213 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് |
| (ബി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അന്തിമ ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇതിലേക്കായുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; രണ്ടാം ഘട്ടത്തിനായി എത്ര തുക ചെലവ് വരുമെന്നും ഈ തുക എപ്രകാരം കണ്ടെത്താൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച 9,20,260 അപേക്ഷകളിൻമേൽ അർഹതാ പരിശോധനയും പുന:പരി ശോധനയും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്കും ശേഷം ഗ്രാമസഭ/ വാർഡ് സഭകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടുംകൂടി (പ്രതികൂല മായ കാലാവസ്ഥ മൂലവും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും ഗുണഭോക്തൃ പട്ടിക അന്തിമമാക്കാൻ സാധിക്കാതെയിരുന്ന 171 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) പട്ടിക അന്തിമമാക്കി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ 2022 ആഗസ്റ്റ് 16-ന് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്തൃ പട്ടിക പ്രകാരം |

| | | | |
|---|---|---|---|
| | | | ഭൂമിയുള്ള ഭവനരഹിതരായി 3,11,133 ഗുണഭോക്താക്കളും ഭൂരഹിത ഭവനരഹിത രായി 1,51,478 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥ മൂലവും അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുവാൻ സാധിക്കാതിരുന്ന തദ്ദേശസ്വയം ഭരണ സ്ഥാപന ങ്ങൾക്ക് ഗുണഭോക്തൃ പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു ശേഷം 168 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൂടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന മൂന്ന് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ കൂടി പട്ടിക അന്തിമമാക്കി യതിനുശേഷം മാത്രമേ അന്തിമ ലിസ്റ്റിൽ എത്ര ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട് എന്നും, ആയതിലേക്ക് വരുന്ന പ്രതീക്ഷിത ചെലവ് കണക്കാക്കാനും സാധിക്കുകയുള്ളൂ. തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | ലൈഫ് പദ്ധതി പ്രകാരം 20/08/2022 വരെ പൂർത്തീകരിച്ച വീടുകൾ | നിർമ്മാണത്തിലിരിക്കുന്നവ |
|---|---|---|
| തിരുവനന്തപുരം | 41507 | 1840 |
| കൊല്ലം | 26148 | 2334 |
| പത്തനംതിട്ട | 8067 | 1030 |
| ആലപ്പുഴ | 21772 | 1465 |
| കോട്ടയം | 11744 | 734 |
| ഇടുക്കി | 18466 | 2889 |
| എറണാകുളം | 22446 | 1170 |
| തൃശ്ശൂർ | 22283 | 991 |
| പാലക്കാട് | 33868 | 2458 |
| മലപ്പുറം | 27495 | 4347 |
| കോഴിക്കോട് | 21902 | 1358 |
| വയനാട് | 22182 | 1693 |
| കണ്ണൂർ | 13005 | 766 |
| കാസറഗോഡ് | 11027 | 1427 |
| ആകെ | **301912** | **24502** |